**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1588** **31-08-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ ഒന്നാം വിളയിലെ നെല്ല് സംഭരണത്തിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | പാലക്കാട് ജില്ലയിൽ ഒന്നാം വിളയിലെ നെല്ല് സംഭരണത്തിന് നാളിതുവരെ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1) 2022-23 സീസണിലെ നെല്ല് സംഭരണത്തിനായി ആഗസ്റ്റ് മാസം ഒന്നാം തീയതി തന്നെ കർഷക രജിസ്ട്രേഷനുവേണ്ടി സപ്ലൈകോ നെല്ല് സംഭരണ രജിസ്ട്രേഷൻ പോർട്ടൽ തുറന്ന് നൽകുകയും രജിസ്ട്രേഷൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2) നെല്ല് സംഭരണ പ്രക്രിയയിൽ പങ്കാളികൾ ആകാനായി മില്ലുകളുടെ താൽപ്പര്യം ക്ഷണിച്ച് അറിയിപ്പ് നൽകിയിട്ടുണ്ട്. രണ്ട് മില്ലുകൾ തയ്യാറായി വന്നിട്ടുണ്ട്.<br><br>3) നെല്ല് സംഭരണത്തിന് ആവശ്യമുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>4) കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ വരുന്നത് അനുസരിച്ച് നെല്ല് സംഭരണം ആരംഭിക്കുന്നതാണ്. (മുൻവർഷങ്ങളിൽ സെപ്റ്റംബർ മുതൽ സംഭരണം ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ഈ വർഷവും സെപ്റ്റംബർ മുതൽ നെല്ല് സംഭരണം തുടങ്ങുന്നതിനുള്ള കേന്ദ്ര നിർദ്ദേശം പ്രതീക്ഷിക്കുന്നു.) |
| (ബി) | അനാവശ്യ കാരണങ്ങൾ പറഞ്ഞ് സംഭരണ നടപടികൾ പരമാവധി വൈകിപ്പിക്കുവാൻ മില്ലുകാർ നടത്തുന്നതായി പറയപ്പെടുന്ന ശ്രമങ്ങൾ പ്രതിരോധിക്കുന്നതിനും വിളവെടുപ്പിനോടൊപ്പം നെല്ല് സംഭരണം ആരംഭിക്കുന്നതിനും നടപ്പിലാക്കുവാനുദ്ദേശിയ്ക്കുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ; | (ബി) | മുൻകാലങ്ങളിലെ അനുഭവങ്ങളും കർഷകരിൽ നിന്നും ജനപ്രതിനിധികളിൽ നിന്നുമുള്ള നിർദ്ദേശങ്ങളും പരിഗണിച്ച് ഈ സീസണിൽ (2022-23) ആഗസ്റ്റ് ഒന്നുമുതൽ തന്നെ നെല്ല് സംഭരണ രജിസ്ട്രേഷൻ ആരംഭിക്കുകയും നെല്ല് സംഭരണത്തിനായി സജ്ജീകരണങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. കർഷകർക്ക് നെല്ലിന്റെ സംഭരണ വില കൈമാറുന്നതിന് അനുവർത്തിച്ച് വരുന്ന പാഡി റെസിപ്റ്റ് ഷീറ്റ് (പി.ആർ.എസ്) വായ്പാപദ്ധതി |

| | | | |
|---|---|---|---|
| | | | മൂലമാണ് നെല്ലിന്റെ സംഭരണ വില കർഷകർക്ക് കൈമാറുവാൻ കാലതാമസം ഉണ്ടാകുന്നത് എന്ന് മനസ്സിലാക്കിക്കൊണ്ട് പ്രസ്തുത വായ്പാ പദ്ധതിയ്ക്ക് പകരമായി ബാങ്കുകളിൽ നിന്ന് സപ്ലൈകോ നേരിട്ട് വായ്പയെടുത്ത് കർഷകർക്ക് സംഭരണവില വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിശോധനയിലാണ്. ഇതുകൂടാതെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് നൽകുന്ന കൈകാര്യ ചെലവ്, നെല്ലിന്റെ വില തുടങ്ങിയവ യഥാസമയം കർഷകർക്ക് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്ന നടപടികൾ സപ്ലൈകോ കൈക്കൊണ്ടുവരുന്നുണ്ട്. കർഷകർക്ക് നെല്ലിന്റെ സംഭരണ വില സുതാര്യമായും കാലതാമസം കൂടാതെയും നൽകുന്നതിനായി കൂടുതൽ ഉദ്യോഗസ്ഥരെ താൽക്കാലികമായി നിയോഗിക്കുകയും മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി 2021-22 നെല്ല് സംഭരണ സീസണിൽ കൂടുതൽ വേഗത്തിൽ കർഷകർക്ക് സംഭരണവില കൊടുത്തുതീർക്കുവാനും സാധിച്ചു. |
| (സി) | പാലക്കാട് ജില്ലയിൽ എത്ര മില്ലുകളാണ് കഴിഞ്ഞ 3 വർഷമായി സംഭരണത്തിൽ പങ്കെടുക്കുന്നത്; അവരുടെ മൊത്തം സംഭരണ ശേഷിയ്ക്ക് അനുസൃതമായാണോ അവർക്ക് പാടശേഖരങ്ങൾ അനുവദിക്കുന്നത്; വ്യക്തമാക്കാമോ; | (സി) | മില്ലുകളുടെ യഥാർത്ഥ സംസ്കരണശേഷി, അവർ സമർപ്പിക്കുന്ന ബാങ്ക് ഗ്യാരന്റി, സെക്യൂരിറ്റി ഡെപ്പോസിറ്റ്, കരാറിൽ ഏർപ്പെട്ട തീയതി, സംഭരിച്ച നെല്ല്, സംസ്കരിക്കുന്നതിലുള്ള വേഗത എന്നിവ പരിഗണിച്ച് സപ്ലൈകോ ഓരോ മില്ലിന്റെയും സംഭരണതോത് നിർണ്ണയിക്കുകയും പ്രസ്തുത തോതിന്റെ അടിസ്ഥാനത്തിൽ നെല്ല് അനുവദിക്കുകയും ചെയ്യുന്ന രീതിയാണ് നിലവിൽ സ്വീകരിച്ചുപോരുന്നത്.<br><br>പാലക്കാട് ജില്ലയിൽ നെല്ല് സംഭരണത്തിൽ പങ്കെടുത്ത മില്ലുകളുടെ എണ്ണം **അനുബന്ധം-1** ആയി ചേർക്കുന്നു. |
| (ഡി) | പാലക്കാട് കേന്ദ്രീകരിച്ച് പ്രവർത്തിയ്ക്കുന്ന മില്ലുകൾ കഴിഞ്ഞ 4 സീസണുകളിൽ സംഭരിച്ച നെല്ലിന്റെ അളവ് സീസൺ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് ലഭ്യമാക്കാമോ? | (ഡി) | പാലക്കാട് കേന്ദ്രീകരിച്ച് പ്രവർത്തിയ്ക്കുന്ന മില്ലുകൾ കഴിഞ്ഞ 4 സീസണുകളിൽ സംഭരിച്ച നെല്ലിന്റെ അളവ് സീസൺ അടിസ്ഥാനത്തിൽ ക്രോഡീകരിച്ചത് **അനുബന്ധം-2** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

## പാലക്കാട് ജില്ലയിൽ നെല്ല് സംഭരണത്തിൽ പങ്കെടുത്ത മില്ലുകളുടെ എണ്ണം

| സീസൺ | മില്ലുകളുടെ എണ്ണം |
|---|---|
| 2019-20 | 50 |
| 2020-21 | 52 |
| 2021-22 | 55 |

**അനുബന്ധം-2**

**പാലക്കാട് കേന്ദ്രീകരിച്ച് പ്രവർത്തിയ്ക്കുന്ന മില്ലുകൾ കഴിഞ്ഞ 4 സീസണുകളിൽ സംഭരിച്ച നെല്ലിന്റെ അളവ് (സീസൺ അടിസ്ഥാനത്തിൽ ക്രോഡീകരിച്ചത്)**

| സീസൺ | പാലക്കാട് ജില്ല കേന്ദ്രീകരിച്ച് പ്രവർത്തിയ്ക്കുന്ന മില്ലുകൾ കഴിഞ്ഞ സംഭരിച്ച നെല്ലിന്റെ അളവ് (കി.ഗ്രാമിൽ) (പി.ആർ.എസ്. പ്രകാരം) |
|---|---|
| 2018-19 | 139468687 |
| 2019-20 | 169824032 |
| 2020-21 | 178809936 |
| 2021-22 | 190853926 |